


# കാത്തിരിപ്പോടെയുള്ള പ്രാർത്ഥനയും വിശ്വാസത്തിലെ ദൃഢതയും

(ലൂക്കാ 18:1 – 14)

Vol. 11, Issue: 14

ബ്ര. ജിയോ വർഗീസ് പുത്തൻപുരയ്ക്കൽ MCBS

**കു**റേ പ്രാർത്ഥനകളും പരാതികളും പരിഭവങ്ങളുമായി ദൈവാലയത്തിലേയ്ക്കു വരുമ്പോൾ പലപ്പോഴും മനസ്സിൽ അങ്കുരിക്കപ്പെടാവുന്ന ചില ചോദ്യങ്ങളുണ്ട്. ഇതുകൊണ്ടൊക്കെ വല്ല കാര്യവുമുണ്ടോ? വല്ലതുമൊക്കെ നടക്കുമോ? പ്രത്യേകിച്ച് ഈ കൊറോണക്കാലത്ത് പൊലിഞ്ഞുപോകുന്ന മനുഷ്യജീവിതങ്ങളെയും പ്രകൃതിദുരന്തങ്ങളെയും അപകടങ്ങളെയുമൊക്കെ സാക്ഷ്യം നിർത്തി നാം ചോദിച്ചേക്കാം, എന്തുകൊണ്ടാണ് ഈ ദുരിതങ്ങൾ അവസാനിക്കാത്തത്? നമ്മുടെ പ്രാർത്ഥന കേൾക്കാൻ ദൈവത്തിന് കാതുകളില്ലേ?

ഫലാഗമന കാലത്തിലെ അവസാന ഞായറാഴ്ചയായ ഇന്ന് തിരുസഭ നമ്മ ക്ഷണിക്കുക, പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും ചില കാഴ്ചപ്പാടുകളിലേയ്ക്കാണ്. വി. ലൂക്കാ അറിയിച്ച സുവിശേഷം 18:1-ൽ, "ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണമെന്നു കാണിക്കാൻ ഈശോ അവരോട് ഒരു ഉപമ പറഞ്ഞു." തുടർന്ന് ന്യായാധിപന്റെ പക്കൽ സ്ഥിരമായി ശല്യം ചെയ്തുകൊണ്ട് എതിരാളിക്കെതിരെ തനിക്ക് നീതി നടത്തിത്തരണമെന്ന് അപേക്ഷിക്കുന്ന ഒരു വിധവയെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഈശോ നമ്മോടു പറയുന്നു: "ഇവളെപ്പോലെ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരാകുവിൻ."

നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക; അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും എന്ന് പറഞ്ഞുകൊണ്ട് എന്ത് പ്രാർത്ഥിക്കണമെന്നും, സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന സംബോധനയിൽ എങ്ങനെ പ്രാർത്ഥിക്കണമെന്നും, മുറിയിൽ കടന്ന് കതകടച്ച് നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക എന്നു പഠിപ്പിച്ച് എപ്രകാരം പ്രാർത്ഥിക്കണമെന്നും, ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും എന്ന പ്രത്യാശയിൽ ആരോട് ചോദിക്കണമെന്നും പഠിപ്പിച്ച ഈശോ ഇന്ന് ന്യായാധിപന്റെയും വിധവയുടെയും ഉപമയിലൂടെ നമ്മോട് പറയുക, "ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണമെന്നാണ്." പരാതിയും പരിഭവവും പ്രാർത്ഥനയാകുന്നിടത്ത് കണ്ണീരും കഷ്ടപ്പാടും കാണുന്ന ഒരു ദൈവമുണ്ടെന്ന ഓർമ്മപ്പെടുത്തലാണ് ഈ സുവിശേഷം.

ദൈവത്തെ ഭയപ്പെടുകയോ, മനുഷ്യരെ മാനിക്കുകയോ ചെയ്യാത്ത ന്യായാധിപന്റെ പക്കൽ നിരന്തരം ശല്യം ചെയ്തുകൊണ്ട് തനിക്ക് അർഹമായ നീതി നേടിയെടുക്കുന്ന വിധവ, ദൈവത്തിന്റെ മുഖം കണ്ട് ദൈവസന്നിധിയിൽ അവിരാമം പ്രാർത്ഥനാനിരതനാകേണ്ട ദൈവഭക്തന്റെ/ഭക്തയുടെ ഉദാത്തമാതൃകയാണ് നമുക്ക് മുമ്പിൽ അവതരിപ്പിക്കുക.

'ലൂമൻ ഫിദേയി' (വിശ്വാസത്തിന്റെ വെളിച്ചം) എന്ന ചാക്രികലേഖനത്തിൽ, ചിന്തകനായ മാർട്ടിൻ ബൂബറിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഇപ്രകാരം പറഞ്ഞുവയ്ക്കുന്നു: "നാം പ്രാർത്ഥിക്കുന്നത് മുഖമില്ലാത്ത വിഗ്രഹങ്ങളോടല്ല; മുഖമുള്ള ദൈവത്തോടാണ്."

നമ്മുടെ വിളി കേൾക്കാനും നമ്മെ അനുഗ്രഹിക്കാനും കൊതിയോടെ കാത്തിരിക്കുന്ന ഒരു ദൈവമുണ്ടെന്ന തിരിച്ചറിവിൽ, ഇന്നത്തെ രണ്ടാമത്തെ വായനയിൽ (ഏശയ്യാ 33:2) വായിച്ചുകേട്ടതുപോലെ, "കർത്താവാണ് എന്റെ കരം" എന്ന് നാം വിശ്വാസപൂർവ്വം ഏറ്റുപറയുന്നിടത്ത് വിനാശ

കാരിയായ സകല ശത്രുക്കളിൽ നിന്നും അവിടുന്ന് നമ്മെ രക്ഷിക്കുകയും നമ്മുടെ പ്രാർത്ഥനകൾ മുഖമുള്ള ഒരു ദൈവത്തോടാണെന്ന ബോദ്ധ്യം നമുക്ക് ലഭിക്കുകയും ചെയ്യും.

''വിളിക്കും മുമ്പേ ഞാൻ അവർക്ക് ഉത്തരമരുളും; പ്രാർത്ഥിച്ചുതീരും മുമ്പേ ഞാൻ അതു കേൾക്കും'' എന്ന് അരുൾചെയ്ത ദൈവത്തിന്റെ മുമ്പിൽ നമുക്ക് പ്രാർത്ഥിക്കാനുള്ള അടിസ്ഥാനയോഗ്യത നമ്മുടെ വിശ്വാസവും സ്ഥിരതയുമാണ്. അതുകൊണ്ടാണ് അലക്സാണ്ട്രിയായിലെ വി. സിറിൽ ഇപ്രകാരം പഠിപ്പിക്കുക: ''തീക്ഷ്ണതയോടും നിരന്തരമായും അതുപോലെ തന്നെ അലസതയോ അശ്രദ്ധയോ കൂടാതെ പ്രാർത്ഥിക്കുന്നവരിലേയ്ക്ക് ദൈവം തന്റെ തല ചായ്ക്കുമെന്ന് ന്യായാധിപന്റെയും വിധവയുടെയും ഉപമ ഉറപ്പു നൽകുന്നു.'' സഭയിലെ ആദ്യകാല എഴുത്തുകാരിലൊരാളായ ഒരിജൻ ഇപ്രകാരം ചോദിക്കുന്നുണ്ട്: ''ചോദിക്കുന്ന ഏവനും ലഭിക്കുമെന്ന് അവൻ പറയുമ്പോൾ, കർത്താവ് വ്യാജം പറയുകയില്ലെന്നു വിശ്വസിക്കുന്ന ഒരുവന് എങ്ങനെ നിരന്തരം പ്രാർത്ഥിക്കാതിരിക്കാൻ സാധിക്കും?''

നീതിരഹിതനായ ന്യായാധിപനെക്കുറിച്ച് അവിടുന്ന് പറയുമ്പോൾ ഈശോ ആത്യന്തികമായി ആഗ്രഹിക്കുക, നാം കാരുണ്യവാനായ ദൈവത്തിന്റെ മുഖത്തേയ്ക്ക് നോക്കണമെന്നാണ്. വൈരുദ്ധ്യാത്മകമായ രണ്ടു ഭാവങ്ങളെ മനസ്സിലാക്കുന്നിടത്ത്, കാരുണ്യവാനായ ദൈവത്തിന്റെ മുഖത്തേയ്ക്ക് നോക്കിക്കൊണ്ട് നമ്മളും കാരുണ്യമുള്ളവരാകണമെന്നും കാരുണ്യവാനായ ദൈവത്തിന്റെ മുമ്പിലാണ് നാം പ്രാർത്ഥിക്കുന്നതെന്ന ബോദ്ധ്യം നമുക്കുണ്ടാകണമെന്നും ഈശോ ഈ സുവിശേഷത്തിലൂടെ പറയുന്നതായി നിശബ്ദതയോടെ നമുക്ക് വായിച്ചെടുക്കാൻ സാധിക്കും.

ഈശോയുടെ പ്രസക്തമായ മൂന്നു ചോദ്യങ്ങൾ ഈ സുവിശേഷഭാഗത്ത് നാം കണ്ടെത്തുന്നു.

**ചോദ്യം 1:** രാവും പകലും തന്നെ വിളിച്ചു കരയുന്ന തന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് ദൈവം നീതി നടത്തിക്കൊടുക്കുകയില്ലേ?

**ചോദ്യം 2:** ''അവിടുന്ന് അതിന് കാലവിളംബം വരുത്തുമോ?''

തെല്ലും സംശയിക്കാതെ ഈശോ തന്നെ തന്റെ രണ്ടു ചോദ്യങ്ങൾക്കും ശക്തമായ ഒരു ഉത്തരം നൽകുന്നു; ''അവർക്ക് നീതി നടത്തിക്കൊടുക്കുമെന്ന് ഞാൻ നിങ്ങളോട് പറയുന്നു.'' ആശങ്കകളില്ലാതെ ഏതൊരു കാര്യത്തിലും പ്രാർത്ഥനയോടെ കാത്തിരിക്കാനുള്ള ഉത്തരമാണ് ഈശോയുടെ ജീവൻ തുടിക്കുന്ന ഈ വാക്കുകൾ.

തനിക്ക് മകനെ വാഗ്ദാനം ചെയ്ത ദൈവത്തിന്റെ മുമ്പിൽ വിശ്വാസപൂർവ്വം അബ്രാഹം എത്രകാലം കാത്തിരിക്കേണ്ടിവന്നുവെന്ന് ഉൽപത്തി പുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. തന്റെ മകനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്ന മോനിക്കായ്ക്ക് ദൈവം ഉത്തരം നൽകിയത് അഗസ്തീനോസിന്റെ 33-ാം വയസ്സിലെ മാനസാന്തരത്തിലാണ്. ഇങ്ങനെ കാത്തിരിപ്പോടെയാണെങ്കിലും നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരമുണ്ടെന്ന്, മാംസം ധരിച്ച സുവിശേഷം തന്നെ നമുക്ക് സാക്ഷ്യം നൽകുകയാണ്.

ഈശോയുടെ പ്രസക്തമായ മൂന്നാമത്തെ ചോദ്യത്തോടെ സുവിശേഷഭാഗം അവസാനിക്കുകയാണ്. മൂന്നാമത്തെ ചോദ്യം ഇപ്രകാരമാണ്: ''മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?'' വിശ്വാസവും പ്രാർത്ഥനയും വ്യാവസായികവത്ക്കരിക്കപ്പെടുകയും സാമൂഹ്യമാധ്യമങ്ങളുടെയും ചാനൽ ചർച്ചകളുടെയുമൊക്കെ വിഷയമായിത്തീരുകയും അന്തിക്രിസ്തുമാർ പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന ഈ നാളുകളിൽ വിശ്വാസികൾക്ക് ദൈവാലയത്തിൽ വന്ന് വിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ പോലും ബുദ്ധിമുട്ടനുഭവിക്കുന്ന ഈ സാഹചര്യത്തിൽ ഏറെ ആനുകാലിക പ്രസക്തിയുള്ള ഒരു ചോദ്യമാണിത്. പലപ്പോഴും ക്രിസ്തീയവിശ്വാസത്തെ വളച്ചൊടിക്കുകയും നമ്മുടെ വിശ്വാസത്തിന് മാർക്ക് ഇടുകയും ചെയ്യുന്ന അധഃപതിച്ച മാധ്യമസംസ്കാരത്തിലേയ്ക്കും ക്രിസ്തീയമല്ലാത്ത കാഴ്ച്ചപ്പാടുകളിലേയ്ക്കും വിശ്വാസികളായ നമ്മുടെ ഹൃദയങ്ങൾ വീണുപോകുന്നുണ്ടോയെന്നും വിശ്വാസം തണുത്തുപോകുന്നുണ്ടോയെന്നും നാം പരിശോധിക്കേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു.

ആദ്യനൂറ്റാണ്ടുകളിൽ തന്നെ യുഗാന്ത്യോന്മുഖമായ ഒരുക്കങ്ങൾ നടത്തുകയും വിശ്വാസത്തിനുവേണ്ടി ജീവത്യാഗം ചെയ്യുകയും ചെയ്യുന്ന ആദിമസഭയുടെ ചിത്രങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുതന്നെ കണ്ടെത്താൻ നമുക്ക് സാധിക്കും. ലേഖനഭാഗത്ത് വി. പൗലോസ് ശ്ലീഹാ വിശ്വാസസ്ഥിരത കാത്തുസൂക്ഷിച്ച തെസലോനിക്കയിലെ സഭയെ അഭിനന്ദിക്കുന്നതായി നാം വായിക്കുന്നുണ്ട്. തീക്ഷ്ണതയോടെ വിശ്വാസം കാത്തുസൂക്ഷിച്ച് 20 നൂറ്റാണ്ടുകൾ പിന്നിട്ട സഭ ഇന്ന് നമ്മോടും ആവശ്യപ്പെടുക വിശ്വാസസ്ഥിരതയിൽ ദൃഢത പ്രാപിക്കാനാണ്.

കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം ആർട്ടിക്കിൾ 675 ഇപ്രകാരം പഠിപ്പിക്കുന്നു: ''ക്രിസ്തുവിന്റെ രണ്ടാം വരവിനുമുമ്പ് സഭ ഒരു അന്തിമപരീക്ഷയിലൂടെ കടന്നുപോകേണ്ടതുണ്ട്. അത് പല വിശ്വാസികളുടെയും വിശ്വാസത്തെ പിടിച്ചുകുലുക്കും. മനുഷ്യരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന മതപരമായ ഒരു വഞ്ചനയുടെ മറവിൽ പലരും സത്യവിശ്വാസത്തെ പരിത്യജിക്കും. ഈ പരമവഞ്ചന അന്തിക്രിസ്തുവിന്റേതാണ്.'' ഈശോ തന്നെ പറയുന്നു: ''മനുഷ്യപുത്രൻ വരുമ്പോൾ അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ വേണ്ട കരുത്ത് ലഭിക്കാൻ വേണ്ടി സദാ പ്രാർത്ഥിച്ചുകൊണ്ട് ജാഗരൂകരായിരിക്കുവിൻ.''

പ്രിയമുള്ളവരേ, മിശിഹായിലുള്ള വിശ്വാസത്തിൽ സ്ഥിരതയോടെ നിൽക്കാൻ വേണ്ട കൃപയ്ക്കായി യാചിച്ചുകൊണ്ട് വിശുദ്ധ ബലിയിൽ നമുക്ക് ശ്രദ്ധാപൂർവ്വം പങ്കുചേരാം. സ്വർഗ്ഗീയാരാധനയുടെ മുന്നാസ്വാദനമായ ബലിയർപ്പണത്തിൽ നമ്മുടെ പ്രാർത്ഥനകളെ നമുക്ക് സമർപ്പിക്കാം. നിരന്തരം പ്രാർത്ഥിക്കാനായി നമുക്കുള്ള വേദികളാണ് നമ്മുടെ യാമപ്രാർത്ഥനകൾ. അവയെ നമുക്ക് പരമാവധി പ്രയോജനപ്പെടുത്താം. നമ്മുടെ പ്രാർത്ഥനകൾക്ക് ദൈവസന്നിധിയിൽ ഉത്തരമുണ്ടെന്ന് നമുക്ക് പ്രത്യാശിക്കാം. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.